പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1245 15-10-2026-ൽ മറുപടിയ്ക്ക്

**വിദ്യാർത്ഥികളുടെ കായികശേഷി വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം ഉന്നയിച്ച അംഗങ്ങൾ | മറുപടി നൽകിയ മന്ത്രി |
|---|---|
| ശ്രീ. സജി ചെറിയാൻ | ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി) |

**(എ)** സർക്കാർ സ്കൂളുകളിലെ ഹൈസ്കൂൾ, യു.പി., എൽ.പി.വിദ്യാർത്ഥികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി കായിക മിത്രം പദ്ധതി പ്രകാരം വിദ്യാർത്ഥികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിന് സ്കൂളുകളിൽ കായികോപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, അക്വാഫിറ്റ് പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലെയും തിരഞ്ഞെടുത്ത സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിന് നീന്തൽ പരിശീലനം നൽകി വരുന്നു.

**(ബി)** പൊതുവിദ്യാഭ്യാസ മേഖലയിൽ കായിക അധ്യാപകരുടെ കുറവ് മൂലം കുട്ടികൾക്ക് കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് ശരിയായ പരിശീലനം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ഉണ്ട്.

**(സി)** എങ്കിൽ കായിക അധ്യാപകരുടെ കുറവ് നികത്തുന്നതിന് സ്ഥിരമായോ കരാറടിസ്ഥാത്തിലോ ദിവസവേതനാടിസ്ഥാനത്തിലോ കായിക അധ്യാപകരെ നിയമിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരമുള്ള കായികാധ്യാപകരെ നിയമിക്കുന്നുണ്ട്. SSK മുഖാന്തിരം കായികാധ്യാപകരെ ചില സ്കൂളുകളിൽ നിയമിച്ചിരുന്നു. ഫണ്ടിന്റെ അപര്യാപ്തത കാരണം ആയതിൽ കുറവ് വന്നിട്ടുണ്ട്.

**(ഡി)** മുന്നൂറോളം കുട്ടികൾ പഠിക്കുന്ന ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പെണ്ണുക്കര ഗവ. യു.പി. സ്കൂളിൽ മുഴുവൻസമയ കായിക അധ്യാപകന്റെ സേവനം ലഭ്യമാ ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** നിലവിലെ കെ.ഇ.ആർ വ്യവസ്ഥ പ്രകാരം അധ്യാപക തസ്തിക അനുവദിക്കാനാകില്ല.

സെക്ഷൻ ഓഫീസർ